**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4711** **19-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പല പദ്ധതികളും കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | തീരദേശ മേഖലകളിൽ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുടെ എല്ലാ മേഖല ചീഫ് എഞ്ചിനീയർമാരുടെയും വിശദമായ റിപ്പോർട്ട് അനുസരിച്ച് കാലതാമസം നേരിടുന്ന പദ്ധതികളുടെ വിവരണങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

A. ദക്ഷിണ മേഖല

**1.** അടിമലത്തുറ, പൂവാർ, കരുംകുളം എന്നീ തീരദേശവില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ളപദ്ധതി: ഈ പദ്ധതിയ്ക്കായി കേരള തീരദേശ വികസനകോർപ്പറേഷനിൽ നിന്നും 2.54 കോടി രൂപ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും സ്രോതസ്സൾപ്പെടുന്ന സ്ഥലം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണവുമായ ബന്ധപ്പെട്ട് അദാനി ഗ്രൂപ്പിന് കൈമാറിയതും, ജലസംഭരണി നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം ലഭ്യമാകാത്തതും പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചു. തുടർന്ന് പദ്ധതിയുടെ രൂപരേഖയിൽ മാറ്റം വരുത്തി നടപ്പിലാക്കാൻ ശ്രമിച്ചുവെങ്കിലും ദർഘാസുകളിൽ കരാറുകാർ പങ്കെടുക്കാത്തതും പങ്കെടുത്തവർ അംഗീകരിക്കാൻ കഴിയാത്ത തുക ക്വാട്ട് ചെയ്തതും പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചു. ആയതിനാൽ ഈ പദ്ധതി അവസാനിപ്പിച്ച് ജലജീവൻ മിഷനിലൂടെ പുരോഗമിച്ചു കൊണ്ടിരിക്കുന്ന അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലമെത്തിച്ച് നേരത്തെ സ്ഥാപിച്ചിട്ടുള്ള ജലവിതരണ ശൃംഖല വഴി അടിമലത്തുറ മേഖലയിൽ ശുദ്ധജലവിതരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**2.** ചിറയിൻകീഴ് മണ്ഡലത്തിലെ തീരദേശപ്രദേശങ്ങൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്കു കിഫ്ബി വഴി 19.87 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഒന്നാം ഘട്ടമായി ആറ്റിങ്ങൽ വലിയകുന്നിൽ 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിരുന്നു. തീരദേശ പഞ്ചായത്തുകളായ ചിറയിൻകീഴ്, അഞ്ചുതെങ്ങ് തുടങ്ങിയ സ്ഥലങ്ങളിൽ ശുദ്ധജലം പൂർണ്ണതോതിൽ എത്തിക്കുന്നതിന് രണ്ടാം ഘട്ടമായി പ്രത്യേകം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഇതിന് കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട് . ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**3.** ഫ്ളൂറൈഡിന്റെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളുൾപ്പെടെ പൂവ്വാർ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി നബാർഡിൽ നിന്നും 14.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കരാർ നൽകിയെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിലുണ്ടായ കാലതാമസവും, ഡക്റ്റൈൽ അയൺ പൈപ്പുകളുടെ വിലവർദ്ധനവും കാരണം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുവാൻ തയ്യാറായില്ല. നിലവിൽ ടി കരാറുകാരനെ ഒഴിവാക്കി ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ പുതിയ കരാർ നൽകിയിരിക്കുകയാണ് . പ്രവർത്തികൾ പുരോഗമിക്കുന്നു.

**4.** ജലജീവൻ മിഷനിലുൾപ്പെടുത്തി കഠിനംകുളം, മംഗലപുരം, അണ്ടൂർക്കോണം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം, പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും ദർഘാസ് നടപടിക്കെതിരെ കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ തുടർനടപടികൾ സ്വീകരിക്കാനായിട്ടില്ല.

**5.**കരുനാഗപ്പള്ളി മുൻസിപ്പാലിറ്റിയിലേക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി അമൃത് 2 ൽ ഉൾപ്പെടുത്തി കോലമുക്ക് ടാങ്ക് സൈറ്റിൽ നിന്നും തച്ചയിൽമുക്ക് വരെ CWPM നു ഭരണാനുമതി

ലഭിച്ചിരുന്നുവെങ്കിലും റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

**6.**കരുനാഗപ്പള്ളി മുൻസിപ്പൽ പ്രദേശത്തെ ജലവിതരണ ശൃംഖല ദീർഘിപ്പിക്കുന്നതിനും 8000 കണക്ഷനുകൾ നൽകുന്നതിനുമുള്ള 38 കോടി രൂപയുടെ DER അമൃത് അംഗീകാരത്തിലേക്കായി മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്.

**7.**ആലപ്പാട് പഞ്ചായത്തിലെ ജലവിതരണ പദ്ധതികൾക്കായി 3.414 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി RKI യിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ലഭ്യമായില്ല. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്കായി 86.52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**B.<u>മധ്യമേഖല</u>**

ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നീ തീരദേശ പഞ്ചായത്തുകളിൽ കോസ്റ്റൽ ഏരിയ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആറാട്ടുപുഴ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ നവീകരണവും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ 3 കുഴൽകിണർ അധിഷ്ഠിത പദ്ധതിയും 3 RO പ്ലാന്റ് സ്ഥാപിക്കാൻ പ്രവർത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്, അമ്പലപ്പുഴ വടക്ക്, പുറക്കാട്, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ തീരദേശ പഞ്ചായത്തുകളിലായി ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, പഞ്ചായത്തുകളിലേയും ജലവിതരണശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ആദ്യം ലഭിക്കുകയും പുതുക്കിയ ഫണ്ടിംഗ് അനുമതി 299.311 കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ആദ്യം ലഭിക്കുകയും പുതുക്കിയ ഫണ്ടിംഗ് അനുമതി 299.311 കോടി രൂപ ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 7 ഉന്നതതല ജലസംഭരണികളും, 2.8 കി.മീ. (മാരാരിക്കുളം തെക്ക്), 6.5 കി.മീ. (മണ്ണഞ്ചേരി), 0.62 കി.മീ. (ആര്യാട്) ട്രാൻസ്മിഷൻ മെയിനും 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ്. ഈ പദ്ധതി നിലവിൽ 9 പാക്കേജുകളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ പാക്കേജ്-1,3,4,5,6,7 എന്നീ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉള്ളത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ 374518 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

**C.<u>ഉത്തര മേഖല</u>**

ജൽ ജീവൻ മിഷൻ, അമൃത് 2.0, കിഫ്ബി ശുദ്ധജല വിതരണ പദ്ധതികൾ വഴി തീരദേശ മേഖല പങ്കിടുന്ന പഞ്ചായത്തുകൾക്കായി വിവിധങ്ങളായ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികളുടെ പ്രവൃത്തി പുരോഗതി സംബന്ധിച്ച അവലോകന യോഗങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ പ്രത്യേകമായും, കൂടാതെ സൂപ്രണ്ടിങ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ മാസം തോറും നടന്നു വരുന്നു. പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താനായി ചീഫ് എഞ്ചിനീയർ തലത്തിലും മാനേജിങ് ഡയറക്ടർ തലത്തിലും അവലോകന യോഗങ്ങൾ നടന്നു വരുന്നു. റോഡ് കട്ടിങ് അനുമതി അടക്കമുള്ള കാലതാമസം നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് വരുന്നു.